പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3342 08-11-2019-ലെ മറുപടിയ്ക്ക്

## കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.സി. ജോർജ്** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | കർഷക കടാശ്വാസ കമ്മീഷനിൽ ലഭിക്കുന്ന പൂർണ്ണമായ അപേക്ഷകൾ രജിസ്റ്റർ ചെയ്ത് ജില്ലാടിസ്ഥാനത്തിൽ തരംതിരിച്ച ശേഷം അതാത് ജില്ലാ ആസ്ഥാനങ്ങളിൽ വച്ച് ബാങ്ക് പ്രതിനിധികളെയും കർഷകരെയും പങ്കെടുപ്പിച്ച് അപേക്ഷകളിൽ ന്യായനിർണ്ണയം നടത്തി കടാശ്വാസത്തുക ശിപാർശ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു. കൂടുതൽ അപേക്ഷകൾ ലഭിച്ചിട്ടുള്ള ഇടുക്കി, വയനാട്, തിരുവനന്തപുരം ജില്ലകളിൽ എല്ലാ മാസവും മറ്റു ജില്ലകളിൽ ഇടവിട്ടും സിറ്റിംഗ് നടത്തുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കർഷകരുടെ വായ്പകൾ എഴുതിത്തള്ളി എന്ന് അറിയിക്കുമോ; ആയതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 20,039 കർഷകർക്കാണ് കടാശ്വാസം ശിപാർശ ചെയ്തിട്ടുള്ളത്. ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| ക്രമ നം. | ജില്ല | ആനുകൂല്യത്തിന് അർഹമായ കർഷകരുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 3152 |
| 2 | കൊല്ലം | 6 |
| 3 | ആലപ്പുഴ | 65 |
| 4 | പത്തനംതിട്ട | 21 |
| 5 | കോട്ടയം | 22 |
| 6 | ഇടുക്കി | 6263 |
| 7 | എറണാകുളം | 3 |
| 8 | തൃശ്ശൂർ | 1 |
| 9 | പാലക്കാട് | 705 |
| 10 | മലപ്പുറം | 25 |
| 11 | കോഴിക്കോട് | 132 |

<table>
<tr><td></td><td></td><td></td><td><table>
<tr><td>12</td><td>വയനാട്</td><td>3827</td></tr>
<tr><td>13</td><td>കണ്ണൂർ</td><td>3523</td></tr>
<tr><td>14</td><td>കാസർഗോഡ്</td><td>2294</td></tr>
<tr><td colspan="2">ആകെ</td><td>20039</td></tr>
</table></td></tr>
<tr><td>(സി)</td><td>കർഷക കടാശ്വാസ കമ്മീഷന്റെ ഓഫീസുകൾ സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിൽ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ; പ്രസ്തുത ഓഫീസുകളുടെ ഔദ്യോഗിക മേൽവിലാസങ്ങൾ ലഭ്യമാക്കുമോ;</td><td>(സി)</td><td>കർഷക കടാശ്വാസ കമ്മീഷന്റെ ഓഫീസ് തിരുവനന്തപുരം ജില്ലയിൽ മാത്രമാണ് പ്രവർത്തിക്കുന്നത്.<br><u>മേൽവിലാസം</u><br>കേരള കർഷക കടാശ്വാസ കമ്മീഷൻ,<br>അഗ്രി. അർബൻ മാർക്കറ്റ് കോമ്പൗണ്ട്,<br>ആനയറ പി.ഒ., വെൺപാലവട്ടം,<br>തിരുവനന്തപുരം - 29<br>ഫോൺ നം.0471-2743783</td></tr>
<tr><td>(ഡി)</td><td>കർഷക കടാശ്വാസ കമ്മീഷൻ മെമ്പർ സെക്രട്ടറി, മെമ്പർമാർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ?</td><td>(ഡി)</td><td>കർഷക കടാശ്വാസ കമ്മീഷൻ ചെയർമാൻ - ജസ്റ്റിസ് (റിട്ട.) എം. ശശിധരൻ നമ്പ്യാർ<br>അംഗങ്ങൾ :<br>1. ശ്രീ. എസ്. ജനാർദ്ദനൻ<br>2. ശ്രീ. വി. ചാമുണ്ണി<br>3. ശ്രീ. കെ.വി. രാമകൃഷ്ണൻ<br>4. ശ്രീ. എം.ഒ. ജോൺ<br>5. ശ്രീ. കെ.ആർ. ചന്ദ്രമോഹനൻ<br>6. അഡ്വ. കൊല്ലങ്കോട് രവീന്ദ്രൻ നായർ<br>സെക്രട്ടറി - ശ്രീ. റ്റി. ശ്രീകുമാർ</td></tr>
</table>

**സെക്ഷൻ ഓഫീസർ**